**അടിയന്തരപ്രമേയം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ഒരു സബ്മിഷൻ നൽകിയിരുന്നു. അത് ഇപ്പോൾ പരിഗണനയ്ക്കെടുക്കണം.

മി. സ്പീക്കർ: നോ. നോ. അടിയന്തര പ്രമേയമാണ്. ഇതൊന്നും ശരിയല്ല. എന്താണിത്, എനിക്ക് മനസ്സിലായില്ല. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ഇങ്ങനെ അനവസരത്തിൽ ......... I say please sit down please......... please......... എല്ലാം പറയാനുള്ള സന്ദർഭമല്ലിവിടെ. അങ്ങ് സബ്മിഷൻ തന്നിട്ടുണ്ടാകും. സബ്മിഷൻ നൽകുന്നവർക്ക് അനുവദിക്കാറുമുണ്ട്. അങ്ങ് പറയുന്നതുപോലെ ഇന്നുരാവിലെ തന്ന സബ്മിഷൻ ഇന്നു തന്നെ അനുവദിക്കണമെന്നില്ല. ഇതൊന്നും ശരിയല്ലെന്നുമാത്രമേ പറയുന്നുള്ളൂ. ഇതൊന്നും ആരും അപ്രീഷിയേറ്റ് ചെയ്യില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ സീറോ അവറിലാണ് ഇങ്ങനെയുള്ള വിഷയങ്ങൾ ............

ശ്രീ. ഇ. പി. ജയരാജൻ: സീറോ അവറിൽ ഇത്തരം വിഷയങ്ങൾ പരിഗണിക്കാറുണ്ട്.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, ഇതിന്റെ സിസ്റ്റം അങ്ങനെയാണോ; പരിഗണിക്കാറുണ്ട്. എന്തുകൊണ്ടാണെന്ന് ഞാൻ പറഞ്ഞു. ഇതൊന്നും ശരിയല്ല. ഒരംഗമെന്നുള്ള നിലയിൽ ചാടി എഴുന്നേറ്റ് എന്തും പറയാമെന്നുള്ള സ്വഭാവമെടുത്താൽ ഞാൻ എന്തുചെയ്യാനാണ്; ചെയർ നിസ്സഹായനാണ് എന്നുമാത്രമേ പറയുന്നുള്ളൂ. ഇതൊന്നും നല്ലതിനല്ല.

ആർക്കും പഠിക്കാനുള്ള പാഠവുമല്ല. അടിയന്തരപ്രമേയമായി ഒരു വിഷയം വന്നിട്ടുണ്ട്. അടിയന്തര പ്രമേയം അനുവദിക്കുന്നതുമാണ്. പക്ഷേ പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള നേതാക്കന്മാർ ഇവിടെയുണ്ട്. ഇവിടെ നിയമവും ചട്ടവുമൊക്കെ വായിക്കുന്നത് ഒരു തമാശക്കുവേണ്ടിയാണെന്ന് അറിയാം. എന്നാലും പറയാതെ തരമില്ല. അത് ചെയറിന്റെ ഉത്തരവാദിത്തമാണ്. നടപടി ക്രമത്തിലെ 52-ാം വകുപ്പിലെ നാലാം ഭാഗത്തുപറയുന്നത് ഒരു സമ്മേളനത്തിൽ ചർച്ച ചെയ്ത സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല എന്നാണ്. പക്ഷേ ഇവിടെ പലപ്പോഴും സംഭ വിക്കാറുണ്ട്. ഇന്നുവന്നിരിക്കുന്നത് നെൽക്കൃഷിയുമായി ബന്ധപ്പെട്ട കാര്യ മാണ്. ഈ മാസം 9-ാം തീയതി ഇതേ വിഷയത്തെക്കുറിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ ശ്രദ്ധക്ഷണിക്കൽ ഉണ്ടായിരുന്നു. 11-06-2014-ൽ ശ്രീ. എം. ചന്ദ്രന്റെ സബ്മിഷനും 18-06-2014-ൽ ശ്രീ. തോമസ് ചാണ്ടിയുടെ സബ്മി ഷനും വന്നിരുന്നു. 24-06-2014-ൽ കൃഷിയുടെ ഡിമാന്റ് ആയിരുന്നു. അതിൽ ധാരാളം ചർച്ച വന്നു. പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം ഈ വിഷയത്തെക്കുറിച്ച് ഒരു സബ്മിഷന് നോട്ടീസ് നൽകിയിരുന്നു. അദ്ദേഹ ത്തോട് ഇതിനുമുമ്പ് മൂന്നാലുപ്രാവശ്യം ഈ വിഷയം വന്നതാണെന്നു പറഞ്ഞപ്പോൾ എങ്കിൽ വേണ്ടാ എന്നുപറഞ്ഞ് പ്രതിപക്ഷ നേതാവ് ആ സബ്മിഷൻ പിൻവലിച്ചു. കാരണം അതിന് ഒരു ആവർത്തനവിരസതയുണ്ടാ കും. അതേ വിഷയമാണ് ഇന്ന് വന്നിരിക്കുന്നത്. ഞാൻ അടിയന്തര പ്രമേയം അനുവദിക്കുന്നു. പക്ഷേ നിങ്ങളീപ്പറയുന്ന കാര്യ കാരണങ്ങളൊന്നും ശരിയല്ല. അറിഞ്ഞുകൊണ്ട് ഈ നിയമസഭയിൽ ഇരുകൂട്ടരും ചേർന്നു

കൊണ്ട് നിയമസഭയുടെ നടപടിക്രമങ്ങളേയും ചട്ടങ്ങളേയും കാറ്റിൽ പറത്തുന്നു. രണ്ട് മുൻസ്പീക്കർമാരുടെ സാന്നിദ്ധ്യത്തിൽ ഞാനിതുപറയുന്നു.

## നെൽകർഷകർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: നെൽകർഷകരിൽനിന്ന് നെല്ല് സംഭരിച്ച ഇനത്തിൽ 348.25 കോടി രൂപ നൽകാതെ കുടിശ്ശികയാക്കിയിരിക്കുന്നതുമൂലം അടുത്ത കൃഷിയിറക്കാൻ സാധിക്കാതെ സംസ്ഥാനത്തെ നെൽകർഷകർ പ്രതിസന്ധിലായിരിക്കുന്നതുമൂലമുളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. വി. വിജയദാസ്, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നെൽകർഷകരിൽനിന്ന് രണ്ട് സീസണുകളിലായി നെല്ല് സംഭരിക്കുകയും ആദ്യത്തെ സീസണിലെ തുക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം അടിയന്തര പ്രമേയമായി അവതരിപ്പിച്ചിരിക്കുന്നത് രണ്ടാം സീസണിൽ കൊടുക്കുവാനുള്ള തുക ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചാണ്. രണ്ടാമത്തെ സീസണിൽ 4 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്. ഇതിന്റെ തുകയായി 758 കോടി രൂപയാണ്

നൽകാനുണ്ടായിരുന്നത്. അതിൽ 572 കോടിരൂപ നൽകിക്കഴിഞ്ഞു. ഇനി കൊടുക്കുവാൻ ബാക്കിയുള്ളത് 186 കോടി രൂപയാണ്. അത് കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനെ സംബന്ധിച്ച് ശ്രദ്ധക്ഷണിക്കലിനും സബ്മിഷനും വിവിധ അൺസ്റ്റാർഡ് ക്വസ്റ്റ്യനുകൾക്കുമൊക്കെ ഞാൻ മറുപടി നൽകിയിട്ടുണ്ടായിരുന്നു. ജൂലൈ രണ്ടാമത്തെ ആഴ്ചയ്ക്കുള്ളിൽ കൊടുത്തുതീർക്കുവാനുള്ള സാഹചര്യങ്ങളൊരുക്കും. കേന്ദ്ര ഗവൺമെന്റിൽനിന്നും അഡ്വാൻസായി തുക ആവശ്യപ്പെട്ടു. അതൊക്കെ ലഭ്യമായതിനനുസൃതമായാണ് ഇപ്പോൾ 572 കോടി രൂപ നൽകിയത്. ഈ ജൂൺ മാസത്തിൽ, സഭ തുടങ്ങിയതിനുശേഷംമാത്രം 244 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കാലതമാസം വരുന്നതിനെ ന്യായീകരിക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. തീർച്ചയായും കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അടുത്ത സീസണിന് സെപ്റ്റ്ബർ മാസത്തിൽ ആരംഭം കുറിക്കും. ആ സീസൺ മുതൽ കൃത്യ സമയത്തുതന്നെ കർഷകർക്ക് അവരുടെ നെൽവില നൽകുവാനുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഒരുക്കുകയാണ്. അതിനെസംബന്ധിച്ച് വിവിധ ബാങ്കുകളുമായി ചർച്ച നടത്തുന്നുണ്ട്. നാളെ ചർച്ച വച്ചിട്ടുണ്ട്. ഒപ്പംതന്നെ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. വരുന്ന സീസൺ മുതൽ കൃത്യസമയത്തുതന്നെ തുക കൊടുക്കുവാനുള്ള നടപടികൾ ഗവൺമെന്റ് നിർബന്ധമായും സ്വീകരിക്കുമെന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇനി 348 കോടി രൂപ കൊടുക്കാനുണ്ടെന്നുപറയുന്നത് യാഥാർത്ഥ്യമല്ല. ഇനി 186 കോടി രൂപയാണ് കൊടു

ക്കുവാനുള്ളത്. ഈ തുക കൊടുക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നത്തെ തീർത്തും ലഘൂകരിച്ചാണ് കാണുന്നത്. ലക്ഷക്കണക്കായ നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെന്റിന് യാതൊരു താത്പര്യവുമില്ലെന്നാണ് ഇതിന്റെ അർത്ഥം. 'പിശുക്കൻ മടിശ്ശീല അഴിക്കുന്നതുപോലെയാണ്' കേരളത്തിലെ ഗവൺമെന്റ് പാവപ്പെട്ട നെൽക്കൃഷിക്കാരോട് കാണിക്കുന്നത്. നെൽക്കൃഷിക്കാരിൽനിന്നും നെല്ല് സംഭരിച്ചിട്ട് നാലുമാസമായി. നാളെ നാളെ എന്ന് ലോട്ടറിക്കാരൻ പറയുന്നതുപോലെയാണ് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഈ മാസം കൊടുക്കും അടുത്ത മാസം കൊടുക്കുമെന്നു പറയുന്നത്. ഇന്നേവരെ പണം കൊടുത്തുകഴിഞ്ഞിട്ടില്ല. ഏറ്റവും അത്ഭുതകരമായിട്ടുള്ളത്, ഈ നാലുമാസത്തിനുമുമ്പ് സംഭരിച്ച നെല്ലിന്റെ അരി മാർക്കറ്റിൽ വിറ്റഴിച്ച് അതിന്റെ ലാഭം ഗവൺമെന്റ് ഖജനാവിൽ വന്നുകഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഈ പാവപ്പെട്ട കൃഷിക്കാർക്ക് നെല്ലിന്റെ വില കൊടുക്കാൻ കഴിയാത്തത് തികച്ചും അവഗണനയാണ്, ഏറ്റവും വലിയ ദ്രോഹമാണ് ഈ ഗവൺമെന്റ് കൃഷിക്കാരോട് കാണിക്കുന്നത്. കേരളത്തിലെ ഏതാണ്ട് മൂന്നേകാൽ കോടി ജനങ്ങൾക്ക് അന്നം കൊടുക്കുന്നവരാണ് ഈ നെൽക്കൃഷിക്കാർ. ഈ പാവപ്പെട്ട കൃഷിക്കാർ ആത്മഹത്യയിലേക്ക് തിരിഞ്ഞു. 2005-നുമുമ്പ് പ്രേതഭൂമിയായിരുന്നു നമ്മുടെ കേരളം. ഇവിടെ നെല്ല് സംഭരിക്കാനോ നെല്ലിന് ന്യായമായ വില കൊടുക്കാനോ 2005-നുമു

മ്പുള്ള യു.ഡി.എഫ്. ഗവൺമെന്റ് ഒരു നടപടിയുമെടുത്തില്ല. അതിൽനിന്നും വ്യത്യസ്തമായി പാവപ്പെട്ട നെൽക്കൃഷിക്കാരെ സംരക്ഷിക്കാനും നെല്ല് സംഭരിക്കാനും നെല്ലിന് മാന്യമായ വിലകൊടുക്കാനുമുള്ള തന്റേടം കാണിച്ചത് 2006-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നുപറയാൻ അഭിമാനമുണ്ട്. ആ സംഭരണത്തെയാണ്, പാവപ്പെട്ട കൃഷിക്കരെ സംരക്ഷിക്കുന്ന ആ നയത്തെയാണ് ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ഇല്ലാതാക്കിയിരിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളോട് കൃഷിക്കാർ എന്ത് ദ്രോഹമാണ് ചെയ്തത്; അവർ രാജ്യസ്നേഹമാണ് പ്രകടിപ്പിക്കുന്നത്. ഒട്ടേറെ കഷ്ടതകളും ദുരിതങ്ങളുമനുഭവിച്ചുകൊണ്ടാണ് ഇവിടെ പാവപ്പെട്ട കൃഷിക്കാർ നെൽക്കൃഷി ചെയ്യുന്നത്. പാവപ്പെട്ട കൃഷിക്കാർ ഈ വരുമാനംകൊണ്ടുമാത്രമാണ് കൃഷി ചെയ്യുന്നത്. അവരെ സംരക്ഷിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്. ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് പാവപ്പെട്ട നെൽക്കൃഷിക്കാർ. അവർ ഏറ്റവും കൂടുതലുള്ളത് പാലക്കാട് ജില്ലയിലാണ്. രണ്ടാം സ്ഥാനം ആലപ്പുഴ ജില്ലയിലുള്ളവർക്കാണ്. ആ നെൽക്കൃഷിക്കാരിൽ ഭൂരിഭാഗവും നെൽക്കൃഷിയിൽനിന്നുള്ള വരുമാനംകൊണ്ടുമാത്രമാണ് ജീവിച്ചുവരുന്നത്. കഴിഞ്ഞ പത്തുവർഷത്തെ സ്ഥിതി പരിശോധിച്ചാൽ നെൽക്കൃഷിയും ഉൽപ്പാദനവും അതോടൊപ്പംതന്നെ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. 2011-12-ൽ 2,08,160 ഹെക്ടറിൽ നെൽക്കൃഷി ചെയ്തിരുന്നുവെങ്കിൽ 2012-13 ആയപ്പോൾ 1,92,277 ഹെക്ടറായി കുറഞ്ഞു. ഉൽപ്പാദനം - 7,56,328 ടണ്ണിൽനിന്ന് 5,08,299 ടണ്ണായി കുറഞ്ഞു. നെൽക്കൃഷിയെ സംരക്ഷിക്കാൻ കൃഷിക്കാർ മാത്രം വിചാരിച്ചാൽ മതിയോ; ഗവൺമെന്റും വിചാരിക്കണം.

കേരളത്തിലെ ആവാസ വ്യവസ്ഥയെ സംരക്ഷിച്ചുനിർത്തുന്നത് യഥാർത്ഥ ത്തിൽ നെൽക്കൃഷിക്കാരാണ്. ആ നെൽക്കൃഷിയെയാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി തകർക്കാൻ ശ്രമിക്കുന്നത്. കൃഷിക്കാരെ കൃഷിയിൽനിന്നും ആട്ടിയോടിക്കാനാണ് കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ ശ്രമിക്കുന്നത്. ഇവിടെ വ്യാപകമായി സബ്സിഡികൾ വെട്ടിച്ചുരുക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് രാസവളത്തിന്റേയും പെട്രോളി ന്റേയും ഡീസലിന്റേയും എല്ലാ സബ്സിഡികളും വെട്ടിക്കുറച്ചു. രൂക്ഷമായ വിലക്കയറ്റമാണ് ഈ മേഖലയിലുണ്ടായിട്ടുള്ളത്. 50 കിലോ വരുന്ന ഒരു ചാക്ക് യൂറിയയുടെ വില കഴിഞ്ഞവർഷം 212 രൂപയായിരുന്നുവെങ്കിൽ ഇപ്പോളത് 278 രൂപയായി വർദ്ധിച്ചു. കൃഷിക്കാരുടെ ഏറ്റവും ഇഷ്ടവളമായ ഫാക്ടംഫോസിന്റെ കഴിഞ്ഞ വർഷത്തെ വില 450 രൂപയായിരുന്നുവെങ്കിൽ ഇപ്പോളത് 909 രൂപ 25 പൈസയായി വർദ്ധിച്ചു. പൊട്ടാഷ് 468 രൂപയായിരു ന്നത് 800 രൂപയായി വർദ്ധിച്ചു. നിലം നിരപ്പാക്കാനുള്ള ട്രാക്ടർ വാടക 400 രൂപയിൽനിന്നും 650 രൂപയായി.

കൊയ്ത്ത് മെതിയെന്ത്രം ഒരു മണിക്കൂറിന് 1200 രൂപയുള്ളത് 2000 രൂപയായി വർദ്ധിച്ചു. ഇതനുപുറമേയാണ് കൂലിയിലുണ്ടായ വർദ്ധനവ്, കീടബാധ, രോഗബാധ, കാലാവസ്ഥാവ്യതിയാനം, വരൾച്ച, വെള്ളപ്പൊക്കം എന്നീ പ്രതിസന്ധികളെല്ലാം തരണംചെയ്തുകൊണ്ടാണ് നെൽകർഷകർ നെല്ല് വിളയിച്ചെടുക്കുന്നത്. അവർക്കുള്ള ഏക പ്രതീക്ഷയെന്നുപറയുന്നത് നെല്ലിന്റെ സംഭരണവും ഇടത്തട്ടുകാരുടെ ചൂഷണവുമില്ലാത്ത വില ലഭിക്കുമെന്ന ഒരു പ്രതീക്ഷയാണ്. അവിടെയാണ് ഈ സർക്കാർ നെൽകർഷകരെ വഞ്ചിച്ചത്. കഴിഞ്ഞ വർഷത്തേക്കാൾ ഒന്നര ലക്ഷം ടൺ

കൂടുതൽ നെൽ സംഭരിച്ചുവെന്നാണ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചത്. ആ ഒന്നര ലക്ഷം ടൺ നെൽ കൂടുതൽ സംഭരിച്ചുവെന്ന് പറയുമ്പോൾ തന്നെ സംഭരിച്ച നെൽകർഷകരെ, നെല്ല് സംഭരിക്കാൻ വേണ്ടത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ഒഴിഞ്ഞുമാറാൻ സാധിക്കുമോ? ബഡ്ജറ്റിൽ തുക വകയിരുത്താതെ, ഇവിടെ നെല്ല് സംഭരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിനോട് പറഞ്ഞാൽ എങ്ങനെ അവർ നെല്ല സംഭരിക്കും? ഇതിന്റെ പ്രധാന ഉത്തരവാദിയെന്ന് പറയുന്നത് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമാണ്. ബഡ്ജറ്റിൽ പ്രൊവിഷൻ വയ്ക്കാതെ, ഇവിടെ നെല്ല് സംഭരിക്കുന്നത് സിവിൽ സപ്ലൈസ് വകുപ്പിനോടും വകുപ്പുമന്ത്രിയോടുമുള്ള അവഗണനയാണ് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചെയ്തിട്ടുള്ളതെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ വളരെ ഗുരുതരമായ ഒരു വീഴ്ചയാണുണ്ടായിട്ടുള്ളത്. നെല്ല് സംഭരണത്തിനായി 348 കോടി രൂപ കൊടുക്കാനുണ്ടെന്നാണ് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സഭയിൽ എന്റെ ചോദ്യത്തിന് മറുപടി നൽകിയത്. ആലപ്പുഴ ജില്ല –39,97,88,178 രൂപ, കോട്ടയം ജില്ല – 42,51,23,297 രൂപ, മലപ്പുറം ജില്ല – 11,35,79,289 രൂപ, പാലക്കാട് ജില്ല– 92,66,50,004 രൂപ, പത്തനംതിട്ട ജില്ല – 13,82,95,373 രൂപ, തൃശ്ശൂർ ജില്ല – 47,68,95,196 രൂപ, ആകെ കേരളത്തിലെ നെൽകർഷകർക്ക് 348 കോടി രൂപ കൊടുക്കാനുണ്ട്. ഈ ഗവൺമെന്റ് ഇത്രയും വലിയ ഭീകരമായ, ഭീമമായ തുക ബാക്കി വച്ചത് എന്തടിസ്ഥാനത്തി

ലാണ്? അക്കൗണ്ടന്റ് ജനറലിന്റെ ഒരു കണക്കുപ്രകാരം, ബഹുമാനപ്പെട്ട ധന കാര്യവകുപ്പുമന്ത്രി എന്റെ ഒരുചോദ്യത്തിന് മറുപടി നൽകിയത്, 31-03-2014 വരെ ഈ ഗവൺമെന്റ് 28,434 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും കട മായി വാങ്ങിയിട്ടുണ്ടെന്നാണ്. മാത്രമല്ല മറ്റൊരു 310.68 കോടിരൂപയും പ്രോവിഡന്റ് ഫണ്ട്, ലഘു സമ്പാദ്യം തുടങ്ങിയവയിൽനിന്ന് 10,177.32 കോടി രൂപയും കടം വാങ്ങിയിട്ടുണ്ടെന്നാണ്. ഈ കടം വാങ്ങിയ തുക, ഈ പാവപ്പെട്ട കൃഷിക്കാർക്ക് അൽപ്പമെങ്കിലും കൊടുത്തുകൂടേ? കോടിക്കണ ക്കിന് രൂപ കേന്ദ്ര സർക്കാരിൽനിന്നും കടം വാങ്ങിയിട്ടും പാവപ്പെട്ട നെൽകർഷകർക്ക് പണം കൊടുക്കാൻ ഈ ഗവൺമെന്റിന് താൽപ്പര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ.വി. വിജയദാസ്....പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ.വി. വിജയദാസ്: ഏതാണ്ട് 30 കോടിയോളം രൂപ, മന്ത്രിമാ രുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾക്ക് യാത്രാ കൂലിയായും ശമ്പള ബത്തയായും ദിനബത്തയായും ചികിത്സാച്ചെലവായും സർക്കാർ ചെലവഴി ക്കുന്നു. ഏറ്റവും മുന്തിയതരത്തിലുള്ള കാർ വാങ്ങിയും മന്ത്രിമാർ വിദേശ യാത്ര നടത്തിയും കോടിക്കണക്കിന്  രൂപ ചെലവഴിക്കുന്നു. എന്നാൽ പാവ പ്പെട്ട നെൽകർഷകർക്ക് കൊടുക്കാൻ പണമില്ലെന്നാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ.വി. വിജയദാസ്....പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ.വി. വിജയദാസ്: ഇത് എന്താണ്? ഇത് ന്യായമാണോ; ഇത് നീതിയാണോ? ഇവിടെ ഞങ്ങൾ സത്യസന്ധമായ കാര്യങ്ങളാണ് പറയുന്നത്. നെല്ലിന് പണം കിട്ടാത്തതുകൊണ്ട് ഒന്നാംവിളയിറക്കാൻ കൃഷിക്കാർക്ക് കഴിയുന്നില്ല. ഇവിടെ ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി ‘ഓപ്പറേഷൻ

കുബേര' എന്നു പറയുന്നു. അത് നല്ലകാര്യമാണ്. ഓപ്പറേഷൻ കുബേര കൊണ്ട് ഇവിടെ കുറേ പലിശയ്ക്ക് പണം കൊടുക്കുന്ന ആളുകൾ പേടിച്ചു പോയി. ഈ ഗവൺമെന്റ് തന്നെ ഇപ്പോൾ ഓപ്പറേഷൻ കുബേരയിലേയ്ക്ക് തള്ളിവിടുകയാണ്. ഒന്നാം വിളയിറക്കാൻ കർഷകരുടെ കയ്യിൽ പണമില്ല. സഹകരണ ബാങ്കും കൊമേഴ്സ്യൽ ബാങ്കും പണം കടം കൊടുക്കുന്നില്ല; അവർ എവിടെപോകും? ചലോ, ചലോ കുബേര എന്നുപറഞ്ഞു കൊണ്ട് കൃഷിക്കാർ പലിശപ്പണക്കാരുടെ കൂടെ പോകുകയാണ്. കടം വാങ്ങി ചെല വഴിക്കേണ്ട ഗതികേടിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഈ ഗവൺമെന്റാണ് അവരുടെ അടുത്തേക്ക് പറഞ്ഞുവിട്ടത്. പാവപ്പെട്ട കൃഷി ക്കാർക്ക് പണം കൊടുക്കാൻ ഈ ഗവൺമെന്റ് കൂട്ടാക്കുന്നില്ല. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. പൂട്ടിക്കിടന്ന ബാർ തുറപ്പിക്കണമന്ന കാര്യത്തിലും സലീംരാജിനെ രക്ഷിക്കണമെന്നുള്ള കാര്യത്തിലും ഈ ഗവൺമെന്റ് എത്രമാത്രം താൽപ്പര്യ മാണ് കാണിച്ചിട്ടുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ.വി. വിജയദാസ്....പ്ലീസ് കൺക്ലൂഡ്..... ബഹുമാനപ്പെട്ട അംഗം പറയുന്നത് നെൽകൃഷിയുമായി ബന്ധപ്പെട്ട വിഷയ മല്ല. സഭയിൽ എന്തും പറയാമെന്നാണോ? ..........(മൈക്ക് ഓഫ്).........

ശ്രീ. കെ.വി. വിജയദാസ്: നിങ്ങൾ കർഷകർക്ക് പണം കൊടുക്കാൻ താൽപ്പര്യം കാണിച്ചോ? ഗവൺമെന്റിനോട് അവർ കടമല്ല ചോദിച്ചത് നെല്ല് വിറ്റ പണമാണ് ചോദിച്ചത്. ഈ ഗവൺമെന്റിനോട് അവർ കടം ചോദിച്ചിട്ടില്ല. സ്വന്തമായി അദ്ധ്വാനിച്ചുണ്ടാക്കിയ നെല്ലിന്റെ പണമാണ് അവർ ചോദിച്ചത്. കൂട്ടത്തിൽ എനിക്കും പണം കിട്ടാനുണ്ട്. ഞാൻ വെറുതെ പറയുന്നതല്ല.

എന്റെ പണവും കിട്ടിയിട്ടില്ല. ഞാനും ഒരു നെൽകൃഷിക്കാരനാണ്. എന്റെ നെൽകൃഷിയുടെ പണം കിട്ടിയിട്ടില്ല. ഇവിടെ അതല്ല വിഷയം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന ഒരേയൊരു ജില്ലയാണ് പാലക്കാട്. അവിടെയുള്ള ജില്ലാസഹകരണ ബാങ്ക് അവരെ പണം കൊടുത്തു സഹായിച്ചു. പക്ഷേ മറ്റു ബാങ്കുകളൊന്നും പണം കടം കൊടുത്ത് അവരെ സഹായിച്ചില്ല. പാലക്കാട് ജില്ലയിലെ നെൽകൃഷിക്കാരെ ഞങ്ങൾ രക്ഷപ്പെടുത്തി. ആ ഒരു താൽപ്പര്യമെങ്കിലും നിങ്ങൾ കാണിച്ചോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ.വി. വിജയദാസ്, ചെയർ പറയുന്നതു കൂടി ശ്രദ്ധിക്കണം. പ്ലീസ് കൺക്ലൂഡ്........12 മിനിട്ടായി.

ശ്രീ. കെ.വി. വിജയദാസ്: ഈ അവഗണന അവർക്ക് പൊറുക്കാനാകാത്തതാണ്. ഈ അവസ്ഥയിൽ പാവപ്പെട്ട നെൽകൃഷിക്കാരെ രക്ഷിക്കാൻ ഈ ഗവൺമെന്റ് അടിയന്തരമായും പണം കൊടുക്കണം. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഗവൺമെന്റ് ഈ വിഷയത്തെ ഒരു അർത്ഥത്തിലും ലഘൂകരിച്ച് കണ്ടിട്ടില്ല. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി, കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ തന്നെയാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. ഈ വിഷയത്തെ ലഘൂകരിച്ചുവെന്ന നിലയിലാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് ശരിയല്ല. എന്നാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായും ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെയാണ് മുന്നോട്ടുനീങ്ങുന്നത്. ഈ വിഷയവുമായി

ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ വിവിധ കാര്യങ്ങൾ സൂചിപ്പിക്കുകയു ണ്ടായി. ഇതിൽ വസ്തുതാപരമായ ഒരു വിഷയമെന്ന് പറയുന്നത്, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എം. ചന്ദ്രൻ ഈ വിഷയം അടിയന്തരപ്രമേയമായി ഇവിടെ ഉന്നയിച്ചിരുന്നു. സംഭരിക്കുന്ന നെല്ല് മാർക്കറ്റിൽ വിപണനം നടത്തി അതിന്റെ ലാഭം കൊടുക്കുകയെന്ന നിലയിലാണ് പലപ്പോഴും ചർച്ചകൾ നടക്കുന്നത്. ഇതിൽ സി.എം.ആർ.(കസ്റ്റം മിൽഡ് റൈസ്) നിർബന്ധമായും പൊതുവിതരണത്തിലൂടെ വിതരണം ചെയ്യേണ്ട അരിയാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇതിന് സബ്സിഡി നൽകുന്നുണ്ട്. സംഭരിക്കുന്ന നെല്ല് നിർബന്ധമായും പൊതുവിതരണ ശൃംഖലകളിലൂടെ, റേഷൻകടകളിലൂടെതന്നെ വിതരണം ചെയ്യേണ്ടതാണ്. ഇത് പൊതുമാർക്കറ്റിൽ വിറ്റ് ലാഭമെടുക്കുന്ന നിലയിലല്ല വരുന്നത്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലേയ്ക്കായി ഞാൻ വയ്ക്കുകയാണ്. നെൽകർഷകരുടെ തുക എത്രയും പെട്ടെന്ന് കൊടു ത്തുതീർക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാ ണ്. ഈ സഭ തുടങ്ങിയതിനുശേഷം, ജൂൺ മാസത്തിൽതന്നെ 244 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്ക് 348 കോടി രൂപ കൊടുക്കാ നുണ്ടെന്ന് ഞാൻ മറുപടി പറഞ്ഞതായി അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഓരോ ദിവസവും ഇത് കൊടുക്കുന്നുണ്ട്. ഇതിന്റെ കുടിശ്ശിക കുറഞ്ഞുവരിക യാണ്. ഇനി ബാക്കി കൊടുക്കാനുള്ളത് 186 കോടി രൂപമാത്രമാണ്. ഇന്നും നാളെയുമെന്നുള്ളതല്ല ജൂലൈ രണ്ടാം വാരത്തോടുകൂടി പൂർണ്ണമായും ഇത് കൊടുത്തുതീർക്കാൻ കഴിയുമെന്നുതന്നെയാണ് ഞാൻ ഇതിന് മറുപടി പറ

ഞ്ഞിട്ടുള്ളത്. ആ രീതിയിൽതന്നെ കൊടുത്തുതീർക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

കർഷകർ കൃഷി ചെയ്ത നെല്ല് പൂർണ്ണമായി സംഭരിക്കുന്നതിനുള്ള നട പടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സംഭരിക്കുന്നത് സംബന്ധിച്ച്, moisture content കൂടുതലാണ് തുടങ്ങിയ പല വിഷയങ്ങളും കടന്നുവ രാറുണ്ടെങ്കിലും അതൊന്നും ഗവൺമെന്റ് പരിഗണിക്കാറില്ല. കർഷകർക്ക് സഹായകമായ സാഹചര്യമൊരുക്കുകയെന്നതാണ് ഗവൺമെന്റ് ലക്ഷ്യമിടു ന്നത്. ഇക്കാര്യത്തിൽ എഫ്.സി.ഐ യും കേന്ദ്രഗവൺമെന്റും വളരെ കർശന മായ നിബന്ധനകൾ വച്ചിട്ടുണ്ട്., moisture content കൂടുതലാണെ ങ്കിൽപ്പോലും ആ നെല്ല് സംഭരിക്കണമെന്ന നിലയിൽത്തന്നെയാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ വിപുലമായ നിലയിലുള്ള ചിന്തയാണ് ഗവൺമെന്റിനുള്ളത്. കർഷകർ ചൂഷണത്തിനുവി ധേയരാകാതെ അവർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുകയെന്ന ലക്ഷ്യ മാണ് ഗവൺമെന്റിനുള്ളത്. 2006-ലാണ് നെല്ല് സംഭരണമാരംഭിച്ചതെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. 2005-ൽ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണ കാലത്താണ് നെല്ല് സംഭരണമാരംഭിച്ചത്. അന്നുമുതൽ നെല്ല് സംഭരണം കൃത ്യതയോടെ മുന്നോട്ട് കൊണ്ടുപോകുന്നതിനും കർഷകർക്ക് നീതിയുക്തമായ നിലയിൽ സാഹചര്യമൊരുക്കുന്നതിനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2011 -ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ താങ്ങുവില 15

രൂപയായിരുന്നു. ഇന്ന് നെല്ലിന്റെ താങ്ങുവില 19 രൂപയാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കർഷകരെ പൂർണ്ണമായും ഉൾക്കൊള്ളുന്ന സമീപനംതന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. നെല്ലിന് താങ്ങുവില നൽകാൻ ബഡ്ജറ്റിൽ പ്രൊവിഷനില്ലെന്ന് പറയുന്നത് വസ്തുതയ്ക്ക് നിരക്കാത്തതാണ്, ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. കർഷകർക്ക് നെല്ലിന്റെ താങ്ങുവില നൽകാൻ വൈകുന്നതിനെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. അടുത്ത സീസൺ തുടങ്ങുമ്പോൾ കൃത്യസമയത്തുതന്നെ കർഷകർക്ക് നെല്ലിന്റെ താങ്ങുവില നൽകാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. 758 കോടി രൂപ കൊടുക്കാനുണ്ടായിരുന്നതിൽ ഇനി 186 കോടി രൂപയുടെ കുടിശ്ശികയാണുള്ളത്. അത് ജൂലൈ രണ്ടാം വാരത്തോടെ പൂർണ്ണമായും കൊടുത്തുതീർക്കുവാനുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ വിഷയം ഇതിനുമുമ്പും ഇവിടെ ചർച്ചാ വിഷയമായിട്ടുണ്ട്. ഈ വർഷം റെക്കോർഡ് സംഭരണമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ളത്. 5.35 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 994 കോടി രൂപയുടെ നെല്ല് സംഭരിച്ചതിൽ 808 കോടി രൂപയും കൊടുത്തുകഴിഞ്ഞു. ഇനി 186 കോടി രൂപയാണ് കൊടുക്കാനുള്ളത്. ആ തുക ജൂലൈ 15-നകം കൊടുക്കത്തക്ക വിധത്തിലാണ് ഇപ്പോൾ പ്ലാൻ ചെയ്തിരിക്കുന്നത്. മാർച്ച് 31 വരെയുള്ളതാണ് ഇപ്പോൾ കൊടുത്തിട്ടു

ള്ളത്. 186 കോടി രൂപ ജൂലൈ 15–നകംതന്നെ കൊടുക്കും. കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കണമെന്ന ആഗ്രഹത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതിനെക്കാൾ കൂടുതൽ തുകയ്ക്കാണ് സർക്കാർ സംഭരിക്കുന്നത്. കേന്ദ്രത്തിൽനിന്ന് 13.10 രൂപ തരുമ്പോൾ 5.90 രൂപ നമ്മൾ സബ്സിഡി നൽകി 19 രൂപയ്ക്കാണ് സംഭരിക്കുന്നത്. കർഷകരുടെ വിഷമങ്ങളും ബുദ്ധിമുട്ടുകളും ഗവൺമെന്റിനറിയാം. സ്കൂൾ തുറക്കുന്ന സമയത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, പുതിയ കൃഷിയിറക്കുന്നതിനുള്ള ചെലവുകൾ തുടങ്ങിയ ബുദ്ധിമുട്ടുകളൊക്കെ കർഷകർ നേരിടുന്നുണ്ട്. അതുകൊണ്ട് ഈ വർഷം ബാങ്കുമായി ഒരു ലിങ്കേജുണ്ടാക്കാൻ ഉദ്ദേശിക്കുകയാണ്. നെല്ല് തരുന്ന കർഷകന് അതിന്റെ വില ബാങ്കിൽനിന്ന് ലഭിക്കുന്നതാണ്. ബാങ്കിലേയ്ക്ക് തുക ഗവൺമെന്റ് അടയ്ക്കും. ...........(മൈക്ക് ഓഫ്)................... ശ്രീ. ജി. സുധാകരൻ, പാലക്കാട്, തൃശ്ശൂർ, കുട്ടനാട് എന്നീ മൂന്ന് ഏരിയയിലായി 186 കോടി രൂപയാണ് ഇനി കൊടുക്കാനുള്ളത്. അത് ജൂലൈ 15-നകം ഞങ്ങൾ കൊടുത്തിരിക്കും. അടുത്ത വർഷം മുതൽ നെല്ല് നൽകിയതിന്റെ റസീപ്റ്റ് ബാങ്കിൽ കാണിച്ചാൽ നെല്ലിന്റെ വില കർഷകന് ഉടൻതന്നെ ലഭിക്കുന്ന സാഹചര്യമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് മനസിലാക്കിയതുകൊണ്ട് ആ ബുദ്ധിമുട്ട് ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. ഇന്ററസ്റ്റ് ബാധ്യത കൂടി ഗവൺമെന്റ് ഏറ്റെടുത്ത് ബാങ്കിൽ അടയ്ക്കും.

ഡോ. ടി.എം. തോമസ് ഐസക്: സർ, കഴിഞ്ഞ ബഡ്ജറ്റിലെ നിർദ്ദേശമാണിത്. ഇതുവരെ ഇത് നടപ്പാക്കിയിട്ടില്ല. ഇത് നടപ്പാക്കുമെന്ന് ഭക്ഷ്യവകുപ്പുമന്ത്രി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ചർച്ചയിൽ പറഞ്ഞിരുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരു സീസണിൽ ഇത് നടപ്പിലാക്കിയിരുന്നു. പക്ഷേ അത് ഡിസ്കണ്ടിന്യൂ ചെയ്തു. അത് വീണ്ടും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ.പി. ജയരാജൻ: സർ, പാലക്കാട് ജില്ലാ ബാങ്ക് നെൽകൃഷിക്കാർക്ക് കൊടുക്കാനുള്ള തുക കൊടുത്തെങ്കിലും ജില്ലാ ബാങ്കിന് ഗവൺമെന്റ് പണം കൊടുത്തില്ല. ഇതിന്റെ ഫലമായി പാലക്കാട് ജില്ലാ ബാങ്കിന് കൃഷിക്കാർക്ക് വായ്പ നൽകാൻ സാധിക്കുന്നില്ല. നെല്ലിന്റെ താങ്ങുവില നൽകാൻ ബാങ്കിനെ ഏൽപ്പിക്കുന്നത് നല്ല നിർദ്ദേശം തന്നെയാണ്. പക്ഷേ ബാങ്കുകാർ ഇത് ഏറ്റെടുക്കുകയില്ല. കാരണം തുക ലഭിക്കാതെവന്നാൽ ബാങ്കുകൾ സാമ്പത്തികമായി ബുദ്ധിമുട്ടിലാകും. അപ്പോൾ സഹകരണമേഖലയിലുള്ള ബാങ്കുകൾ വലിയ തകർച്ചയിലേയ്ക്ക് പോകുമെന്നതിനാൽ അവർ ഇത് ഏറ്റെടുക്കില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിൽ മൂന്ന് മാസത്തിൽ കൂടുതൽ ഗ്യാപ്പ് വരികയില്ല. ആ ഗ്യാപ്പിലുണ്ടാകുന്ന പലിശ ഗവൺമെന്റ് നൽകും. അപ്പോൾ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാകും. ഇപ്രാവശ്യം ചെയ്യാവുന്നത്രയും ചെയ്തിട്ടുണ്ട്. അടുത്ത വർഷംമുതൽ ആ ബുദ്ധിമുട്ടുപോലും ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ഇപ്രാവശ്യം നെല്ല് റെക്കോർഡ് സംഭരണമായിരുന്നു. അതിന്റെ പേമെന്റ് നൽകുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കുന്നതാണ്.

ശ്രീ. കെ.വി. വിജയദാസ്: സർ, നെൽകർഷകർക്ക് റിവോൾവിംഗ് ഫണ്ട് നടപ്പിലാക്കുമെന്നാണ് മന്ത്രി പ്രഖ്യാപിച്ചത്. അത് നടപ്പിലാക്കാൻ ഗവൺമെന്റ് താല്പര്യമെടുക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, റിവോൾവിംഗ് ഫണ്ടിനായുള്ള പ്രൊപ്പോസൽ ഗവൺമെന്റ് പരിശോധിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുമായി ഇപ്പോൾതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കരാറിലേർപ്പിട്ടുണ്ട്. കൂടുതൽ ബാങ്കുകളുമായി ചർച്ചകൾ നടത്തുകയാണ്. അതോടൊപ്പം റിവോൾവിംഗ് ഫണ്ടിനുള്ള സാധ്യതകളും പരിശോധിച്ചുവരികയാണ്. പരിമാവധി തുക അവർക്ക് ലഭ്യമാക്കാനുള്ള അവസരമാണ് ഗവൺമെന്റ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നെൽകർഷകരിൽനിന്ന് സർക്കാർ സംഭരിച്ച നെല്ലിന്റെ വിലയായി പാവപ്പെട്ട കൃഷിക്കാർക്ക് 350 കോടി രൂപ നൽകാത്തതിന് എന്ത് ന്യായീകരണമാണ് പറയാനുള്ളത്? കുട്ടനാട്, അപ്പർ കുട്ടനാട്, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലെ കർഷകരല്ലേ നമ്മളെ തീറ്റിപ്പോറ്റുന്നത്? അവർ കൊള്ളപ്പലിശയ്ക്ക് കടം വാങ്ങിയും സ്വന്തം അദ്ധ്വാനം ചെലവഴിച്ചുമാണ് നമ്മളെ തീറ്റിപ്പോറ്റാൻ ക്ലേശിക്കുന്നത്. നമ്മളൊക്കെ ഇപ്പോൾ എ.സി മുറിയിൽ ഇരുന്നാണ് ഇത് സംബന്ധിച്ച് പറയുന്നത്. സർക്കാരിന്റെ വഞ്ചനാപരമായ സമീപനംമൂലം കഷ്ടപ്പെടുന്ന പാവപ്പെട്ട കർഷകർ മഞ്ഞും മഴയും വെയിലുമേറ്റാണ് നെല്ല് വിളയിക്കുന്നത്.

അവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന നെല്ലിന്റെ വില യഥാസമയം അവർക്ക് ലഭിച്ചില്ലെങ്കിൽ അവർ എങ്ങനെയാണ് ജീവിക്കുന്നത്; എങ്ങനെയാണ് അടുത്ത കൃഷി നടത്തുന്നത്? ഇത് കൊടിയ വഞ്ചനയും നന്ദികേടുമല്ലേ? ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകരാണ് കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തത്. ഈ വർഷം ആദ്യത്തെ രണ്ടുമാസത്തിനിടയിൽ പാലക്കാട് മാത്രം 9 കർഷകർ ആത്മഹത്യ ചെയ്തു. ഇപ്പോൾ നൂറുകണക്കിന് കർഷകർ ആത്മഹത്യയുടെ വക്കിലാണ്. ബാങ്കുകളിൽനിന്ന് എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് പലരും ജപ്തി ഭീഷണി നേരിടുകയാണ്. നമ്മളെ തീറ്റിപ്പോറ്റുന്ന പാവം കർഷകരുടെ രോദനം സർക്കാർ കേൾക്കാത്തതെന്താണ്?

ഇപ്പോൾ നല്ല അരി വാങ്ങണമെങ്കിൽ കിലോഗ്രാമിന് 38–40 രൂപവരെ വില നൽകേണ്ടിവരും. എന്നാൽ കർഷകർക്ക് സർക്കാർ നൽകുന്നത് 19 രൂപയാണ്. അതും സമയത്ത് കൊടുക്കുന്നില്ല. പിച്ചച്ചട്ടിയിൽ കയ്യിട്ട് മണ്ണ് വാരുന്നതുപോലുള്ള സമീപനം ഈ സർക്കാർ സ്വീകരിക്കുന്നത് കഷ്ടമല്ലേ? പതിനായിരക്കണക്കിന് രൂപയാണ് ഓരോ കർഷകനും കഴിഞ്ഞ 6–7 മാസമായി കുടിശ്ശികയുള്ളത്. ഇതിന് ന്യായമായ പലിശ അവർക്ക് ലഭിക്കേണ്ടതല്ലേ? കർഷകർ ബാങ്കിന് പലിശ കൊടുക്കുകയാണ്. സർക്കാർ പലിശ കൊടുക്കുന്നുണ്ടോ? അതുകൊണ്ട് കർഷകർക്ക് കുടിശ്ശിക തുക അടിയന്തരമായി പലിശസഹിതം നൽകാൻ സർക്കാർ തയ്യാറാകണം. ഇനിയെങ്കിലും സർക്കാർ അനങ്ങാപ്പാറനയം അവസാനിപ്പിക്കണം. നമുക്ക് അന്നം തരുന്നവരോടുപോലും നീതി കാണിക്കുന്നില്ലെങ്കിൽ എന്തിനാണ് ഈ

മന്ത്രിസഭയും മന്ത്രിമാരും പാഞ്ഞ് നടക്കുന്നത്. പാവപ്പെട്ട കർഷകർ ആയതു കൊണ്ടല്ലേ അവർ അടങ്ങിയിരിക്കുന്നത്. അല്ലെങ്കിൽ അവർ കൃഷിമന്ത്രിയുടെ കൊങ്ങയ്ക്ക് പിടിക്കുമായിരുന്നില്ലേ? കടം വാങ്ങിയ കാശ് സമയത്ത് കൊടുക്കാൻ കഴിയാതിരിക്കുന്നതിന്റെ ഫലമായി അവർ ആരുടെയും കൊങ്ങയ്ക്ക് പിടിക്കാൻ പോകുന്നില്ല. എന്നാൽ അവർ ആത്മഹത്യ ചെയ്യുക യാണ്. നമ്മുടെ നാട്ടിൽ, പാവപ്പെട്ട കർഷകരെ ഇത്തരം അവസ്ഥയിലേയ്ക്ക് കൊണ്ടുചെന്നത്തിച്ചതിൽ ഒരു ദു:ഖവും ഈ ഗവൺമെന്റിന് കാണുന്നില്ല. ജൂലൈ മാസത്തിൽ കൊടുക്കാമെന്നാണ് പറയുന്നത്. വാങ്ങിയ തുകയ്ക്ക് ബാങ്കിന് പലിശ കൊടുത്തില്ലെങ്കിൽ ബാങ്ക് കർഷകരുടെ കഴുത്തിനുപിടി ക്കും. ഇത് പരമപ്രധാനമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. സർക്കാരിന് ഇക്കാര്യത്തിൽ ശ്രദ്ധയില്ലെന്നാണ് ഇവിടെ തെളിയിച്ചിരിക്കുന്നത്. സർക്കാരി ന്റെ കണ്ണിൽ ചോരയില്ലാത്ത ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ : സർ, കർഷകരുടെ ബന്ധുവാണ് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രിയായ മാണിസാർ. കർഷക ബന്ധുവിന്റെ മുമ്പിലാണ് ഈ നിലവിളികൾ ഉയർത്തുന്നത്. കർഷകർ വായ്പയെടുത്ത് വളമുണ്ടാക്കി, വിത്ത് വാങ്ങി, കൃഷിചെയ്ത് കൊയ്തെടുത്ത നെല്ല് ഗവൺമെന്റിന് കൊടുത്തിട്ട് ധനകാര്യവകുപ്പുമന്ത്രി പണം കൊടുക്കുന്നില്ല. അങ്ങ് അദ്ധ്വാനവർഗ്ഗത്തിന്റെ ആളും കർഷക ബന്ധുവുമാണ്. അങ്ങയെപ്പോലെ ധാരാളം കർഷക ബന്ധുകൾ ഭരണപക്ഷത്തുണ്ട്. എല്ലാ തവണയും

കൊയ്ത്തുകഴിഞ്ഞ്, നെല്ല് സംഭരിച്ചാൽ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവരേണ്ട കാര്യമുണ്ടോ? ഈ തുക കൊടുക്കേണ്ടതല്ലേ; അതിനെന്താണ് കാലതാമസം. അങ്ങ് പറയുന്ന രീതിയിലുള്ള സാമ്പത്തികമായ ഒരു കുഴപ്പവുമില്ല. സാമ്പത്തികം വളരെ ഭദ്രമാണ്. പാവപ്പെട്ട ആളുകൾക്ക് കൊടുക്കാനുള്ളത് 186 കോടി രൂപയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. മാണിസാർ വിചാരിച്ചാൽ ഇന്ന് ക്യാബിനറ്റ് കൂടി മറ്റേതെങ്കിലും തുകയെടുത്ത് നാളെ കർഷകർക്ക് കൊടുത്താൽ ഈ പ്രശ്നം തീരില്ലേ? അതുമാത്രമല്ലേ ഈ അടിന്തര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ളത്. ഇത് ജീവകാരുണ്യപരമായിട്ടെങ്കിലും ആലോചിക്കണ്ടേ? കൃഷിക്കാരുടെ കുട്ടികൾ എങ്ങനെയാണ് സ്കൂളുകളിലും കോളേജുകളിലും പോകുന്നത്? വായ്പ വാങ്ങിയത് തിരിച്ചടയ്ക്കാത്തതു കൊണ്ട് ജപ്തി ചെയ്യാൻ കൃഷിക്കാരുടെ വീട്ടിൽ ആളുകൾ വരികയാണ്. എന്ത് ദുരിതമാണ് കേരളത്തിലെ കൃഷിക്കാർ അനുഭവിക്കുന്നത്; എന്തെങ്കിലും ആശ്വാസമുണ്ടോ? അവരുടെ പലിശ കൊടുക്കാൻ എന്തെങ്കിലും വഴിയുണ്ടോ; ഭിക്ഷക്കാരെപ്പോലെ നടക്കുന്ന അവർ ഇനി എങ്ങോട്ടാണ് പോകേണ്ടത്? ഇവിടെ മന്ത്രി നെല്ല് സംഭരണത്തെ ക്കുറിച്ചൊക്കെ പറഞ്ഞു. നെല്ല്സംഭരണം ഫലപ്രദമായി നടത്തി 7 രൂപയിൽ നിന്ന് 15 രൂപയാക്കി ഉയർത്തിയത് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് അറിയാത്തതുകൊണ്ടാണ്. പ്രതിപക്ഷത്തിരി ക്കുമ്പോൾ, 50 പൈസ കൂട്ടാൻ ഈ സഭയിൽ സത്യാഗ്രഹം നടത്തിയവരാണ്. അന്ന് 15 രൂപയാക്കി, കൃത്യമായി കർഷകർക്ക് കൊടുത്തു. ഇപ്പോൾ 19 രൂപയാക്കിയെങ്കിൽ കേന്ദ്രഗവൺമെന്റും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇടതുപക്ഷ ഭരണത്തിന്റെ കാലത്തും സബ്സിഡി കൊടുത്തിട്ടുണ്ട്. നിങ്ങൾ വില കൂട്ടിക്കൊടുത്തതായി പറയുന്നത് പുതിയ കാര്യമല്ല. ശ്രീ. കെ. ശിവദാസൻ നായർ, കേന്ദ്രത്തിൽ കൂട്ടുമ്പോൾ സംസ്ഥാനത്തും വില കൂട്ടുന്നത് സിസ്റ്റമാണ്. നിങ്ങൾ ക്രെഡിറ്റായി പറയണ്ട. ഏത് ഗവൺമെന്റും കൃഷിക്കാർക്ക് ചെയ്യുന്ന കാര്യമാണിത്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ശ്രീ. സി. ദിവാകരൻ പറയുന്നത് ശരിയാണ്. ഇന്ന് 5 രൂപ 90 പൈസ കർഷകന് സബ്സിഡിയായി കൊടുക്കുന്നു. നിങ്ങൾ കൊടുത്തത് 3 രൂപയും ഗവൺമെന്റിന്റെ അവസാനത്തെ മൂന്ന് മാസം 4 രൂപയുമാണ്. 4 വർഷക്കാലം നിങ്ങൾ കൊടുത്തത് 3 രൂപയാണ്. ഇപ്പോൾ 5 രൂപ 90 പൈസ കൊടുക്കുന്നുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ അങ്ങയെപ്പോലൊരു മുഖ്യമന്ത്രിയോട് തർക്കിക്കുകയല്ല. നാണയത്തിന്റെ വിലയെന്താണ്? അന്നത്തെ 4 രൂപയുടെ ഇന്നത്തെ മൂല്യമെത്രയാണ്? നോട്ടിന്റെ മൂല്യം കുറഞ്ഞകാര്യം മാണിസാറിന് അറിയില്ലേ? ഇനിയും വില കൂട്ടിക്കൊടുക്കേണ്ടിവരും. അരിവിലയും കൂടിയില്ലേ; അതുകൊണ്ട് നിങ്ങൾ മാത്രമാണ് ചെയ്യുന്നതെന്നുള്ള ധാരണ വേണ്ട. ഞങ്ങൾ പോയവഴിയിൽ നിങ്ങൾക്ക് പോകാൻ കഴിഞ്ഞില്ല. നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. നെല്ല് സംഭരിക്കാൻ മഴ വന്നതുകൊണ്ട് 5–6 ദിവസം താമസിച്ചപ്പോൾ അങ്ങ്, കുരുത്ത നെല്ല് സംഭരിച്ച് പാഴ്സലാക്കി എനിക്ക് കൊടുത്തയച്ച പ്രതിപക്ഷ നേതാവായിരുന്നു. ഞങ്ങൾ ക്ഷമയയോടെ കണ്ട്, ആ കുരുത്ത നെല്ല് ഞാൻ വീട്ടിൽ സ്വീകരിച്ചു. ഇപ്പോൾ ഞങ്ങൾ അങ്ങനെയൊന്നും ചെയ്തില്ല. നിങ്ങൾ

വാങ്ങിയ നെല്ലിന് കാശ് കൊടുക്കണ്ടേ; പണം കൊടുക്കാൻ മാത്രമാണ് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ പറയുന്നത് മുടന്തൻ ന്യായമല്ലേ? 'ഓപ്പറേഷൻ കുബേര' എന്നുപറയുന്നതുപോലുള്ള നിലപാട് ഈ കാര്യത്തിൽ എന്താണ് സ്വീകരിക്കാത്തത്? വട്ടിപ്പലിശക്കാരെ പിടിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഫുൾ സപ്പോർട്ടാണ്. പാവപ്പെട്ട കൃഷിക്കാരന് കൊടുക്കേണ്ട കാശ് 4 മാസമായിട്ടും എന്താണ് കൊടുക്കാത്തത്? ഗവൺമെന്റ് പക്ഷപാതപരമായി ഇടപെടരുത്. ചില ജില്ലകളിൽ തുക പൂർണ്ണമായും കൊടുത്തു. എറണുകുളം ജില്ലയിൽ സംഭരിച്ച നെല്ലിന്റെ പത്തുപൈസപോലും ഇനി കൊടുക്കാനില്ല. എറണാകുളം, ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയാണോയെന്നെനിക്കറിയില്ല. ഭക്ഷ്യവകുപ്പുമന്ത്രിയും ശ്രീ. കെ. ബാബുവുമെല്ലാം 14 ജില്ലകളുടെയും മന്ത്രിയാണ്. ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് പാലക്കാട് ജില്ലക്കാരും ആലപ്പുഴയിലെ കുട്ടനാട്ടുകാരും അതുകഴിഞ്ഞാൽ തൃശ്ശൂർ ജില്ലക്കാരുമാണ്. അതാണ് പരിഗണിക്കേണ്ടത്. അല്ലതെ അമ്മാണി ഇമ്മാണി കൃഷി ചെയ്തവർക്ക് കാശ് കൊടുക്കുകയും ബാക്കിയുള്ളവരെ ഭീമമായ കുടിശ്ശികയിലേയ്ക്ക് തള്ളുകയും ചെയ്യുന്നത് ശരിയല്ല. പാലക്കാട്, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഭീമമായ തുകയാണ് കുടിശ്ശിക വന്നിട്ടുള്ളത്. ഗവൺമെന്റിന് 186 കോടി രൂപയെന്നുപറയുന്നത് സാരമില്ല. പാവപ്പെട്ട കൃഷിക്കാരന് 1–2 ലക്ഷം രൂപയെന്നുപറയുന്നത് വലിയ തുകയാണ്. ആകെ 186 കോടി രൂപയല്ലേ കൊടുക്കാനുള്ളൂ; പ്രതിപക്ഷത്തിന് ഇത്ര ബഹളം എന്താണെന്ന് നിസ്സാരമായി പറയാം. പാവങ്ങളായ ഇടത്തരക്കാർക്ക് അത് വലിയ തുകയല്ലേ? കൃഷിക്കാർ വായ്പയെടുത്താണ് വളം വാങ്ങി, വിത്ത് സംഭരിച്ചു, കൃഷി ചെയ്തത്.

എല്ലാം കഴിഞ്ഞ് ഭദ്രമായി നോംസ് അനുസരിച്ച് അളന്നുതൂക്കി നെല്ല് വാങ്ങിക്കൊണ്ടുപോയി മില്ലിൽ കൊടുത്ത്, അരി വതരണം ചെയ്തു. എല്ലാം കഴിഞ്ഞപ്പോഴും കർഷകർ ഭിക്ഷാപാത്രവുമായി നടക്കുകയാണ്. ഇത് അപമാനകരമാണ്. മാണിസാർ ഈ മന്ത്രിസഭയിലുള്ളപ്പോൾ കേരളത്തിലെ കർഷക വിഭാഗങ്ങളുടെ കണ്ണുനീർ കാണാൻ കഴിയാതെവരുന്നത് നിർഭാഗ്യക രമാണ്. സഭാനടപികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് മാണിസാർ പറയേണ്ടതാണ്. ഞാൻ കൃഷിക്കാരന്റെ കൂടെയാണെന്ന് മാണി സാർ പുറത്തുവച്ച് പറയുന്നതല്ലാതെ ഒരാവശ്യം വന്നപ്പോൾ അനങ്ങുന്നില്ല. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേ ധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, 'ഓപ്പറേഷൻ കുബേര' വളരെ വ്യാപകമായി നടത്തുന്ന ഈ സർക്കാർ നെൽകർഷകരുടെ മുമ്പിൽ ബ്ലേഡ് പലിശക്കാരന്റെ റോളിലാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ബ്ലേഡ് പലിശക്കാരെ നിലയ്ക്കുനിറുത്തുമെന്ന് പറയുന്ന സർക്കാർ തന്നെയാണ് പാവപ്പെട്ട കർഷകൻ ഉൽപ്പാദിപ്പിച്ച നെല്ല് വാങ്ങി അത് സംസ്കരിച്ച് അരി വിപണിയിലെത്തിയതിനുശേഷവും അതിന്റെ പണം നൽകാതിരിക്കുന്നത്. നെൽകർഷകരുടെ പോംവഴിയെന്താണ്? അടുത്ത കൃഷിയിറക്കണമെങ്കിൽ ബ്ലേഡ് പലിശയ്ക്ക് കടമെടുക്കണം. കൃഷിയിറക്കണ്ടേ ഇവിടെ? പല നെൽകർഷകരും ബ്ലേഡ് പലിശക്കാരുടെ

മുമ്പിൽ കൈനീട്ടിയാണ് അടുത്ത കൃഷിയിറക്കുന്നത്. ഈ സ്ഥിതിവിശേഷം ഇവിടെ സംജാതമായതെന്തുകൊണ്ടാണ്? പ്രഖ്യാപനങ്ങൾകൊണ്ട് കർഷകർ തൃപ്തരല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വച്ചിരിക്കുന്ന നിർദ്ദേശം അങ്ങേയറ്റം സ്വാഗതാർഹമാണ്, അടുത്തയാഴ്ചതന്നെ പണം ലഭിക്കുന്ന സംവിധാനമുണ്ടാ യാൽ സന്തോഷം. പക്ഷെ, ഒരു വർഷംമുമ്പ് അതായത് 2013 വർഷത്തെ ബഡ്ജറ്റിലെ റിവോൾവിംഗ് ഫണ്ട് ഇതുവരെ നടപ്പിലായിട്ടില്ല. 2013-ലെ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം രണ്ടു കൃഷിചെയ്യുന്നിടത്തിപ്പോൾ നാലു കൃഷിയായി, ഒരു കൃഷി ചെയ്യുന്നിടത്ത് രണ്ടുകൃഷിയായി. ഇതുവരെ അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ ഒരു ബ്ലേഡ് പലിശക്കാരന്റെ റോളി ലാണ് കർഷകരോട് ഈ സർക്കാർ ഇടപ്പെട്ടുക്കൊണ്ടിരിക്കുന്നത്. ഇന്നലെ ഡി.ഡി.സി.-യിൽ അവതരിപ്പിച്ച കണക്കുപ്രകാരം പത്തനംതിട്ട ജില്ലയിൽ ഇതുവരെ കൊടുത്തത് 2 കോടി രൂപ മാത്രമാണ്. വെറും 2 കോടി രൂപ യാണ് 7972 ടൺ നെല്ല് സംഭരിച്ചതിനുശേഷം കൊടുത്തിരിക്കുന്നത്. 13 കോടി രൂപ അപ്പർ കുട്ടനാട്ടിൽ കൊടുത്തുതീർക്കാനുണ്ട്. കർഷകരോട് അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഇത് ഉടനെ കൊടുക്കണ്ടേ? ഈ അടിയന്തരപ്രമേയ നോട്ടീസ് പരാമർശിക്കുമ്പോൾ, ശ്രീ. തേറമ്പിൽ രാമ കൃഷ്ണൻ നേരത്തെ ഈ വിഷയം ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായി അവതരി പ്പിച്ചിരുന്നുവെന്ന് അങ്ങ് പറഞ്ഞു. അത് ഈ സഭ സമ്മേളനം ആരംഭിച്ച ദിവസമായ 9-ാം തീയതിയായിരുന്നു. അതുകഴിഞ്ഞ് മൂന്നാഴ്ച കഴിഞ്ഞിരി ക്കുന്നു. ഇതുവരെ ഒരു നടപടിയുമായിട്ടില്ല. കുറച്ച് പണം കൊടുത്തു, ബാക്കി ഇനിയും കൊടുക്കാനുണ്ട്. അനന്തമായി ഈ തുക കൊടുക്കാൻ വൈകുന്നത് അടുത്ത കൃഷിയെ ബാധിക്കും, കർഷകരെ കണക്കെണിയിലാ

ക്കും. അതാണ് ഞാൻ പറഞ്ഞത് ബ്ലേഡ് പലിശക്കാരന്റെ റോളിലാണ് സർക്കാർ ഇപ്പോൾ കൃഷിക്കാരോട് ഇടപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന്. ഇക്കാര്യത്തിൽ അടിയന്തര നടപടികളുണ്ടാകാത്തതിൽ പ്രതിഷേധിച്ചും, കർഷകർക്ക് പണം യഥാസമയം നൽകാത്തതിലും അതുപോലെ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയിലെ സഹപ്രവർത്തകരും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കർഷകർ അവർ വിറ്റ നെല്ലിന് കാശുവേണമെന്നാണാവശ്യപ്പെടുന്നത്. അങ്ങുതന്നെ സൂചിപ്പിച്ചതുപോലെ ഈ സഭ ആ കാര്യം നാലുവട്ടം ചർച്ചചെയ്തു. എന്നിട്ടും പ്രയോജനമില്ലെങ്കിൽ കർഷകരെന്താണ് ചെയ്യേണ്ടത്, പ്രതിപക്ഷമെന്താണ് ചെയ്യേണ്ടത്? നിങ്ങളാണ് പ്രതിപക്ഷത്തിരിക്കുന്നതെങ്കിൽ നിങ്ങളെന്തു ചെയ്യുമായിരുന്നു? നിങ്ങളത് ആലോചിക്കണം. കർഷകർക്ക് അവർ വിറ്റ നെല്ലിന് കാശ് കിട്ടുകയില്ലെങ്കിൽ നാളെ അവർ സംഭരണവുമായി സഹകരിക്കുകയില്ല. അങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടാവുകയില്ലേ? അപ്പോഴെന്താണ് വേണ്ടത്; നെല്ല് സംഭരിക്കുന്ന മുറയ്ക്ക് കർഷകന് കാശുകൊടുക്കാൻ കഴിയുന്ന സ്ഥിരമായ ഒരു മെക്കാനിസം നമുക്കുണ്ടാകണം. ഇവിടെ കർഷകരിൽ നിന്നുസംഭരിച്ച നെല്ലോ അരിയോ കെട്ടിക്കിടക്കുന്നില്ല. സംഭരിക്കുന്ന നെല്ല് കെട്ടിക്കിടക്കുകയാണെങ്കിൽ വിറ്റ് കാശാക്കാൻ കഴിയാത്തതുകൊണ്ട് കാശ് ലഭിച്ചിട്ടില്ല, അതുകൊണ്ട് കൊടുത്തിട്ടില്ല എന്നു പറയാമായിരുന്നു. നെല്ല് മുഴുവൻ വിറ്റിട്ടുണ്ട്, കാശും കിട്ടിയിട്ടുണ്ടെന്നും

മന്ത്രി പറയുന്നു, അങ്ങനെയാണെങ്കിൽ ആ കാശ് എങ്ങോട്ടാണ് പോകുന്നത്? കർഷകരിൽനിന്നും സംഭരിച്ച നെല്ല് കുത്തി അരിയാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റോറുകളിലൂടെ വിൽപ്പന നടത്തി കാശു കിട്ടിയാൽ ആ കാശ് എവിടെയാണ് പോകുന്നത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്):</u> സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയല്ല വിൽക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻ കടകൾ/പൊതുവിതരണ കേന്ദ്രങ്ങളിലൂടെയാണ് ഈ അരി വിൽക്കുന്നത്. അതൊരു വിപണിയിലേയ്ക്ക് നൽകുന്നില്ല. സബ്സിഡി നൽകി ബി.പി.എൽ./എ.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കാർഡ് മുഖാന്തിരം കൊടുക്കുകയാണ് ചെയ്യുന്നത്. ഈ അരി പൊതുമാർക്കറ്റിൽ വിറ്റ് അതിൽനിന്ന് ലാഭമെടുക്കുന്നില്ലായെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ലാഭമെടുക്കിന്നില്ലെങ്കിലും വിൽക്കുന്നുണ്ടല്ലോ, വിറ്റ് കാശ് കിട്ടുന്നുണ്ടല്ലോ. ആ ലഭിക്കുന്ന കാശ് യഥാസമയം കർഷകന് എന്തുകൊണ്ട് കൊടുക്കാൻ കഴിയുന്നില്ല, കാശ് വകമാറ്റി ചെലവഴിക്കുന്നുണ്ടോ; ഇതൊക്കെയാണ് ഈ സഭയ്ക്ക് അറിയേണ്ടത്. കർഷകർക്കും അതാണ് അറിയേണ്ടത്. അതുകൊണ്ടാണ് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നു പറയുന്നത്. അങ്ങനെ പോരായ്മകളുണ്ടെങ്കിൽ അവ ചർച്ചചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുന്നതിനുപകരം കർഷകരെ വഞ്ചിക്കുന്ന പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയും ചർച്ച നിഷേധിക്കുകയും ചെയ്യുന്ന നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രൻ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ തിരിച്ചെത്തി.)